LIBRARY ARCHIVES Kerala Legislative Assembly

ഇക്കോ ടൂറിസം പദ്ധതി

75 [960] ശ്രീ. എ. പി. അനിൽകുമാർ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. എം. മുരളി:
,, എം. കെ. പോൾസൺ മാസ്റ്റർ:

ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസം പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിന് എന്തെല്ലാം ഏർപ്പാടുകൾ ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) തെൻമലയിലേക്ക് കണ്ടക്ടഡ് ടൂർ സംഘടിപ്പിക്കുവാൻ പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ നടപ്പിലാക്കി വരുന്ന തെന്മല ഇക്കോ ടൂറിസം പദ്ധതിക്ക് പുറമെ പ്രകൃതി രമണീയമായതും ജൈവ വൈവിധ്യങ്ങളാൽ സമൃദ്ധമായതുമായ വനപ്രദേശങ്ങൾ, ശുദ്ധജല തടാകങ്ങൾ, കണ്ടൽക്കാടുകൾ, പക്ഷി സങ്കേതങ്ങൾ തുടങ്ങിയവയൊക്കെത്തന്നെ ഇക്കോ ടൂറിസം വികസിപ്പിക്കുന്നതിന് അനുയോജ്യമാണ്. ഇക്കോ ടൂറിസത്തിന് സാദ്ധ്യതയുള്ള ഈ സ്ഥലങ്ങൾ വിവിധ വകുപ്പുകളുടെ അധികാര പരിധിയിൽ ആയതിനാൽ പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ടും സഹകാര്യ പങ്കാളിത്തത്തോടുകൂടിയും ഇക്കോ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് കൂടുതൽ ആകർഷകമാക്കുവാനാണ് ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ളത്. ഇക്കോ ടൂറിസം പദ്ധതി തയ്യാറാക്കി വരുന്ന മേൽപ്പറഞ്ഞ സ്ഥലങ്ങൾ കൂടാതെ ടൂറിസം വകുപ്പ് കേരളത്തിലെ എല്ലാ വന്യജീവി സങ്കേതങ്ങൾക്കും നാഷണൽ പാർക്കുകൾക്കും വേണ്ടി ഒരു ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി കൺസൾട്ടൻസിക്കു നൽകിക്കഴിഞ്ഞു.

(ബി) കെ.ടി.ഡി.സി. ഇപ്പോൾ തിരുവനന്തപുരത്തുനിന്ന് തെന്മലയിലേക്ക് ദിവസേന ഒരു കണ്ടക്ടഡ് ടൂർ നടത്തി വരുന്നു. അതിനുപുറമെ കേരളത്തിന്റെ മറ്റ് ജില്ലാ കേന്ദ്രങ്ങളിൽ നിന്നും സഹകാര്യ ടൂർ ഓപ്പറേറ്റർമാർ സന്ദർശകരുടെ ലഭ്യത അനുസരിച്ച് കണ്ടക്ടഡ് ടൂർ നടത്താൻ സന്നദ്ധരാണെന്ന് അറിയിച്ചിട്ടുണ്ട്.

സംസ്ഥാനത്തുള്ള ഇന്റർനാഷണൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾ

76 [961] ശ്രീ. വി. ബാലറാം:
,, ഡി. സുഗതൻ:
,, എ. സുജനപാൽ:
,, എം. എ. ചന്ദ്രശേഖരൻ:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: